UNIVERSITY OF KERALA

# കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ.182/2024 തിരുവനന്തപുരം, തീയതി: 14/08/2024

## പത്രക്കുറിപ്പ്

### പ്രൈവറ്റ് രജിസ്ട്രേഷൻ – അപേക്ഷാ തീയതി നീട്ടി

കേരളസർവകലാശാല 2024-2025 അക്കാഡമിക് വർഷത്തിലെ ബി.എ./ബി.കോം./ബി.എ. അഫ്സൽ – ഉൽ – ഉലാമ/ബി.ബി.എ./ബി.കോം. അഡീഷണൽ ഇലക്ടീവ് കോ-ഓപ്പറേഷൻ/ ബി.കോം. അഡീഷണൽ ഇലക്ടീവ് ട്രാവൽ & ടൂറിസം എന്നീ കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന പിഴ കൂടാതെ അപേക്ഷിക്കാനുള്ള അവസാന തീയതി 2024 ആഗസ്റ്റ് 27 വരെയും പിഴയോടുകൂടി അപേക്ഷിക്കാനുള്ള അവസാന തീയതി 2024 സെപ്റ്റംബർ 7 വരെയും നീട്ടിയിരിക്കുന്നു. അപേക്ഷയും അനുബന്ധ രേഖകളും അവസാന തീയതിക്കുള്ളിൽ കേരള സർവകലാശാല തപാൽ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. വിജ്ഞാപനത്തിന്റെ വിശദ വിവരങ്ങൾ (www.de.keralauniversity.ac.in, www.keralauniversity.ac.in) എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. ജിയോളജി (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി 2024 ആഗസ്റ്റ് 24. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 2021 & 2022 അഡ്മിഷൻ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും 2020 അഡ്മിഷൻ വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. slcm വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് slcm ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ.

കേരളസർവ്വകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. മാസ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം (റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി 2024 ആഗസ്റ്റ് 22. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് slcm ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എ. മ്യൂസിക്, ബി.പി.എ. മ്യൂസിക് (വീണ/വയലിൻ/മൃദംഗം)/ബി.പി.എ. (വോക്കൽ/വീണ/വയലിൻ/മൃദംഗം/ഡാൻസ്), ഫെബ്രുവരി 2024 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ആഗസ്റ്റ് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രം

കേരള സർവ്വകലാശാല നടത്തുന്ന എം.എ./എം.എസ്‌സി./എം.കോം. പ്രീവിയസ് ആന്റ് ഫൈനൽ ( എസ്.ഡി .ഇ./ആന്വൽ സ്കീം/പ്രൈവറ്റ് രജിസ്ട്രേഷൻ ) 2003 – 2016 അഡ്മിഷൻ മേഴ്സിചാൻസ്, ഫെബ്രുവരി 2024 പരീക്ഷയുടെ പരീക്ഷാകേന്ദ്രങ്ങൾ കാര്യവട്ടം വിദൂര വിദ്യാഭ്യാസ കേന്ദ്രവും കൊല്ലം ശ്രീ നാരായണ കോളേജുമാണ്. ടി പരീക്ഷയുടെ ഹാൾടിക്കറ്റ് തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് കാര്യവട്ടം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും കൊല്ലം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് കൊല്ലം ശ്രീ നാരായണ കോളേജിൽ നിന്നും ആഗസ്റ്റ് 15 ന് ശേഷം കൈപ്പറ്റാവുന്നതാണ്. .

## പ്രാക്ടിക്കൽ

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ എട്ടാം സെമസ്റ്റർ 2020 സ്കീം, സെപ്റ്റംബർ 2024 റെഗുലർ വിദ്യാർത്ഥികൾക്കുള്ള പ്രായോഗിക പരീക്ഷകൾ 2024 ആഗസ്റ്റ് 19 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്‌സി., ജൂലൈ 2024 (റെഗുലർ – 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2016, 2018 അഡ്മിഷൻ) പരീക്ഷയുടെ പോളിമർ കെമിസ്ട്രി, സൈക്കോളജി, കോംപ്ലിമെന്ററി ബയോടെക്നോളജി പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 2 മുതൽ വിവിധ കോളേജുകളിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2020 സ്കീം (2020 അഡ്മിഷൻ) ബി.ടെക്. എട്ടാം സെമസ്റ്റർ (റെഗുലർ), സെപ്റ്റംബർ 2024 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ഓൺലൈനായാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കോഴ്സുകളുടെ അംഗീകാരത്തിനും, എലിജിബിലിറ്റി സർട്ടിഫിക്കറ്റിനുമുള്ള പുതിയ ഫീസ് നിരക്കുകൾ

കേരളസർവകലാശാലയിൽ മറ്റു സർവകലാശാലകളുടെ കോഴ്സുകളുടെ അംഗീകാരത്തിനും, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള നിലവിലുള്ള ഫീസുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.(6948/2024/UOK,dated13.08.2024)

പ്ലസ്ടു കോഴ്സുകളുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഫീസ് – 525/–, കേരളത്തിനകത്തുള്ള യു.ജി., പി.ജി., പ്രൊഫഷണൽ കോഴ്സുകളുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് – 525/–, കേരളത്തിന് പുറത്തുള്ള യു.ജി. കോഴ്സുകളുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് – 750/–, കേരളത്തിന് പുറത്തുള്ള പി.ജി. കോഴ്സുകളുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് – 1000/–, കേരളത്തിന് പുറത്തുള്ള

പ്രൊഫഷണൽ കോഴ്സുകളുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് – 1000/-, വിദേശ ഡിഗ്രി/ഡിപ്രോമകൾക്കുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് – 5250/-, കോഴ്സ് അംഗീകാരത്തിനുള്ള ഫീസ് – 2625/-, വിദേശ ഡിഗ്രി/ഡിപ്ലോമകളുടെ കോഴ്സ് അംഗീകാരത്തിനുള്ള ഫീസ് – 5250/-

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**